**തമേവാന്വപിധീയന്തേ ലോകാ ഭൂരാദയസ്ത്രയ:**
**നിശായാമനുവൃത്തായാം നിർമുക്തശശിഭാസ്കരം (3-11-28)**

മൈത്രേയൻ തുടർന്നു:
ഈ വിശ്വപ്രപഞ്ചം ഉണ്ടായതെങ്ങിനെയെന്നും അതിന്റെ അവസാനമെങ്ങിനെയെന്നും ഇനി ഞാൻ പറഞ്ഞുതരാം. ദ്രവ്യങ്ങളിലേറ്റവും ചെറുതും സ്വയം സംതുലിതമായി നിലകൊള്ളുന്നതുമായ വസ്തുവിന് പരമാണു എന്നു പറയും. മനുഷ്യൻ തന്റെ അറിവില്ലായ്മകൊണ്ട്, ഈ പരമാണുക്കൾ ചേർന്നാണ് മറ്റു വസ്തുക്കൾ ഉണ്ടാകുന്നതെന്നു വിശ്വസിക്കുന്നു. വകതിരിക്കപ്പെട്ടിട്ടില്ലാത്ത ദ്രവ്യവസ്തുക്കൾ സ്വയം മാറ്റത്തിനു വിധേയമാകുംമുൻപ് മഹത്തും അനന്തവുമായ 'അവിശേഷം' എന്നറിയപ്പെടുന്നു. സമയത്തിന്റെ ഏറ്റവും ചെറിയ ഏകകം, പ്രകാശം സഞ്ചരിക്കുന്ന ഏറ്റവും ചെറിയ ദൂരത്തെ ആശ്രയിച്ചിരിക്കുന്നു. ഏറ്റവും വലിയ സമയത്തിന്റെ അളവാകട്ടെ, പ്രകാശം സഞ്ചരിക്കുന്ന ഏറ്റവും കൂടിയ ദൂരത്തേയും ആശ്രയിച്ചിരിക്കുന്നു. പ്രകാശവും ദൂരവും ഒരേ പ്രതിഭാസത്തിന്റെ രണ്ടു വശങ്ങൾ മാത്രമത്രേ.

രണ്ടുപരമാണുക്കൾ ചേർന്ന് ഒരണുവും മൂന്നണുക്കൾ ചേർന്ന് ത്രിസരേണുവും ഉണ്ടാകുന്നു. പ്രകാശത്തിന് മൂന്നുത്രിസരേണുക്കൾ കടന്നുപോകാനെടുക്കുന്ന സമയത്തിന് ത്രുതി എന്നു പറയുന്നു. ഇത് ഏറ്റവും ചെറിയ സമയത്തിന്റെ അളവത്രേ. ഇതു കൺപീലിയുടെ ചലനത്തിന്റെ ഒരംശം മാത്രം. ഈ സമയത്തിന്റെ പലമടങ്ങുകളായി നിമിഷം, മണിക്കൂർ, ദിവസം, മാസം, വർഷം എന്നിവയെ ഗണിച്ചെടുക്കാം. ഒരുവർഷത്തെ പലവിധത്തിൽ ഗണിച്ചെടുക്കുന്നു. സൂര്യന്റേയൊ, വ്യാഴത്തിന്റേയൊ, ചന്ദ്രന്റേയൊ, ചലനസ്വഭാവ മനുസരിച്ചോ, 27 മുതൽ 30 വരെ ദിവസങ്ങളുള്ള മാസങ്ങൾ ചേർത്തുവച്ച കാലയളവായോ ഒരു വർഷം നിർണ്ണയിക്കപ്പെടുന്നു. ധ്യാന്യ-ഫലവർഗ്ഗങ്ങളുടെ വളർച്ചയും മനുഷ്യന്റെ അജ്ഞാനാന്ധകാരത്തിന്റെ മറുമരുന്നായ വെളിച്ചവും ആരിലാശ്രയിച്ചിരിക്കുന്നുവോ ആ സൂര്യഭഗവാനെ ഞാൻ വന്ദിക്കട്ടെ.

4,320,000 മനുഷ്യവർഷങ്ങൾ ചേർന്നതത്രെ നാലുയുഗങ്ങൾ ചേർന്ന ഒരു കാലചക്രം. ഈ മൂന്നുലോക ങ്ങൾക്കുമപ്പുറത്ത് ആയിരം കാലചക്രങ്ങൾ ചേരുമ്പോൾ ബ്രഹ്മാവിന്റെ ഒരു ദിവസമായി. അത്രയും തന്നെ സമയം ബ്രഹ്മാവിന്റെ രാത്രിയും. ബ്രഹ്മാവിന്റെ രാത്രിയിൽ സൃഷ്ടിയടക്കം എല്ലാം സുഷുപ്തിയിലാണ്ടു പോകുന്നു. ഉണരുമ്പോൾ എല്ലാം പുന:സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. പകൽ സമയത്ത് പതിനാലു വിശ്വാധിപന്മാരെ ബ്രഹ്മാവ് സൃഷ്ടിക്കുന്നു. അവരാണ് വിശ്വത്തെ ഭരിക്കുന്നവർ. മനു എന്നറിയപ്പെടുന്ന ഇവർ ഭഗവാന്റെ തന്നെ അംശാവതാരങ്ങളത്രേ. ദിവസത്തിന്റെ അന്ത്യത്തിൽ സൃഷ്ടിയെല്ലാം സ്വയമവസാനിപ്പിച്ച് ശാന്തത കൈവരിച്ച് ബ്രഹ്മാവ് സുഷുപ്തിയിലേക്ക് നീങ്ങുന്നു. കാലത്തിന്റെ ശക്തിയിൽ എല്ലാ സൃഷ്ടിയും അദ്ദേഹത്തിന്റെ ഉള്ളിലേക്കു മടങ്ങുന്നു. സൂര്യചന്ദ്രന്മാർ അപ്രത്യക്ഷമാവുന്നു. മൂന്നു ലോകങ്ങളും അദ്ദേഹത്തിലലിഞ്ഞു ചേരുന്നു. ആ ദിവ്യോർജ്ജത്തിൽ ലോകങ്ങളില്ലാതാകുമ്പോൾ മുനിമാരും ദേവകളും മറ്റും ഉയർന്ന തലങ്ങളിലേക്ക് കയറിപ്പോകുന്നു. എല്ലാ ലോകങ്ങളും സമുദ്രം നിറയുന്നു. ഭഗവാൻ മാത്രം ശേഷതൽപ്പത്തിൽ സുഷുപ്തിയിലാണ്ടു നിലകൊള്ളുന്നു.

ബ്രഹ്മദേവന്റെ ഒരു ദിവസം മാത്രമാണിത്. അങ്ങിനെയുള്ള നൂറുവർഷങ്ങളാണ് ബ്രഹ്മാവിന്റെ ആയുസ്സ്. അതിൽ പകുതിക്ക് പാരാർദ്ധം എന്ന് പറയുന്നു. നാമിപ്പോൾ രണ്ടാം പാരാർദ്ധത്തിന്റെ തുടക്കത്തിലാണ്. വളരെ നീണ്ടതെന്നുതോന്നുന്ന ഈ രണ്ടു പാരാർദ്ധങ്ങളും ചേർന്നാലും ഭഗവാന്റെ കണ്ണിമയുടെ ചലനത്തോളമേ ആവുന്നുള്ളൂ. ആ ഭഗവാൻ കാലത്തിനും ദൂരത്തിനും അതീതനത്രെ. പരമാണു മുതൽ ബ്രഹ്മാവിന്റെ ജീവിതകാലംവരെ നീണ്ടുനിൽക്കുന്ന കാലത്തിനുമതീതനത്രേ ഭഗവാൻ. ഈവിശ്വം ചെറിയൊരു പരമാണുമാത്രം. അതിൽ എല്ലാത്തിന്റേയും കാരണഭൂതനായ, അനേകം വിശ്വങ്ങൾക്കും കാരണനായ, വിഷ്ണുഭഗവാൻ, ആ പരമോന്നതവിശ്വപുരുഷൻ നിറഞ്ഞിരിക്കുന്നു.